# AMRITA VIDYALAYAM

## ANNUAL EXAMINATION 2017 - '18

**Class : VIII** **Marks : 80**

**Time : 2½ hrs**

# മലയാളം

GENERAL INSTRUCTIONS:

This question paper is divided in to four sections.

| | |
|---|---|
| Section A: Reading comprehension | - 10 Marks. |
| Section B: Writing | - 16 Marks. |
| Section C: Grammar | - 17 Marks. |
| Section D: Literature | - 37 Marks. |

## എ. വിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 10**

എന്താണ് നാം നിത്യവും വായിക്കേണ്ടത് എന്നു തീരുമാനിക്കേണ്ടത് നാം തന്നെയാണ്. നമ്മുടെ അഭിരുചി, വാസന എന്നിവയെ പുഷ്ടിപ്പെടുത്തുന്നതിനും സമഗ്രമാക്കുന്നതിനും വേണ്ടിയാണ് വായന. ജീവിതത്തെക്കുറിച്ചും ലോകത്തെക്കുറിച്ചും ശരിയായ അറിവ് നമുക്കുണ്ടാകുന്നതിന് സഹായകമാകേണ്ട ഗ്രന്ഥങ്ങൾ പ്രായത്തിനൊത്ത് തെരഞ്ഞെടുത്തു വായിക്കണം. ജീവചരിത്രം, സഞ്ചാരസാഹിത്യം എന്നിവ വായിക്കുന്നത് നമ്മുടെ വ്യക്തിത്വവികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോരുത്തരും വിജ്ഞാനശീലമുള്ളവരാകാൻ വായന ആവശ്യമാണ്. അതു വളർത്തുകയാണ് നമ്മുടെ കർത്തവ്യം. സൗന്ദര്യബോധം ഉണർത്തുന്നതിനും ആധ്യാത്മിക

വികാസത്തെ സഹായിക്കുന്നതിനും പറ്റിയ പുസ്തകങ്ങൾ വായിക്കുന്നത് ഒരു ശീലമാക്കണം. മനസ്സിന് ഉത്സാഹവും ഉന്മേഷവും നൽകുന്ന ഗ്രന്ഥങ്ങൾ വായിക്കാൻ നാം ഒരിക്കലും വിട്ടുപോകരുത്.

1. വായനയ്ക്കുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കേണ്ടത് ഏതിന്റെയെല്ലാം അടിസ്ഥാനത്തിലാണ്?
2. എങ്ങനെയുള്ള ഗ്രന്ഥങ്ങൾ വായിക്കാൻ വിട്ടുപോകരുത്?
3. വായനശീലം വളർത്തേണ്ടതിന്റെ ആവശ്യമെന്ത്?
4. ഏതു തരം ഗ്രന്ഥങ്ങൾ വായിക്കാനാണ് നാം ശീലമാക്കേണ്ടത്?
5. ഏതു തരം പുസ്തകങ്ങളാണ് വ്യക്തിത്വവികസനത്തെ സഹായിക്കുന്നത്?

## ബി. വിഭാഗം

**II.a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക. 8**

1. വനസംരക്ഷണത്തിന്റെ പ്രാധാന്യം.
2. വിദ്യാർത്ഥികളും മാധ്യമങ്ങളും.
3. മതസൗഹാർദ്ദം.

**b) നിങ്ങളുടെ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന് കത്ത് തയ്യാറാക്കുക. 8**

## സി. വിഭാഗം

**III.a) പ്രയോഗം മാറ്റുക. 2**

1. അയാൾ കുട്ടിയെ പിടിച്ചെഴുന്നേൽപ്പിച്ചു.
2. അദ്ദേഹം അച്ഛന്റെ പേര് ചോദിച്ചു.

**b) അംഗവാക്യം, അംഗിവാക്യം വേർതിരിച്ചെഴുതുക. 2**

1. അന്ന് മനുഷ്യനെ മനുഷ്യൻ വലിച്ചു കൊണ്ടോടുന്ന

റിക്ഷാവണ്ടിയായിരുന്നു കൊല്ലത്തെ പ്രധാന വാഹനം.

2. വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽനിന്നു കൂട്ടനിലവിളി ഉയർന്നു.

**c) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക: 2**

1. നാടകീയമായ 2. വേട്ടയാടി

**d) വിഗ്രഹിച്ച് സമാസം കണ്ടെത്തുക. 2**

1. പ്രകൃത്യംബ 2. മഞ്ഞപ്പുല്ല്

**e) പര്യായപദങ്ങളെഴുതുക. 2**

1. അഗ്നി 2. അമൃത്

**f) നാനാർത്ഥപദങ്ങളെഴുതുക. 2**

1. വർഷം 2. സ്നേഹം

**g) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. 2**

1. കുട്ട്യൻ മാപ്പിള ബഹുമാനപൂർവ്വം ആദരവോടെ വഴിമാറി നിന്നു.
2. ശിവസ്തുതി ആലപിച്ചു പാടി മുടിയേറ്റ് അവസാനിപ്പിക്കുന്നു.

**IV. ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.**

**a) വിപരീതപദമെഴുതുക. 1**

1. സ്വീകരണം (കരണം, സഹകരണം, തിരസ്ക്കരണം, സ്വീകാര്യം)
2. നിഗ്രഹം (സംഹാരം, ശാന്തം, അനുകൂലം, അനുഗ്രഹം)

**b) അർത്ഥവ്യത്യാസമെഴുതുക. 1**

1. ദിനം – ദീനം (ദിവസം, കൊല്ലം, അസുഖം, മറവി)
2. കമ്പ് – കാമ്പ് (മരം, വടി, മധുരം, ഉള്ള്)

**c) എതിർലിംഗം എഴുതുക. 1**

1. കവി (കവിയത്രി, കവയിത്രി, കവിത്രി, കവയത്രി)
2. കിഴവൻ (കിഴവ, കിഴവി, കിഴാവി, കീഴവി)

# ഡി. വിഭാഗം

**V.a) ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.** **2½**

1. ഒരിക്കലും പിരിയാത്ത കൂട്ടുകാരനാര്?
   (സൂര്യൻ, വൃക്ഷം, കാറ്റ്)
2. കിരാതം ഏതു സാഹിത്യ വിഭാഗത്തിൽപ്പെടുന്നു?
   (ആട്ടക്കഥ, ജീവചരിത്രം, തുള്ളൽ)
3. അഗ്നിപാറുന്ന കണ്ണുകളാൽ നോക്കുന്നതാര്?
   (സൂര്യൻ, പ്രകൃത്യംബ, അമ്മ)
4. സുഗതകുമാരിയുടെ കൃതിയേത്?
   (ദിനാന്തം, അമ്പലമണി, കിരാതം)
5. കടകമായി മാറിയതെന്ത്?
   (ജടമുടി, ഫണിമണിമാല, വാസുകി)

**b)** 1. ഒരായുഷ്കാലം മുഴുവൻ അപ്പുവിന് കൂട്ടായത്? **2½**
   (ഗ്രാമഫോൺ, കഥ, കവിത)
2. മുടിയേറ്റിന്റെ അവസാനം സ്തുതിച്ചുപാടുന്നതാരെ?
   (മഹാവിഷ്ണുവിനെ, കാളിയെ, ശിവനെ)
3. മലയാളത്തിലെ ആദ്യത്തെ മഹാകാവ്യം?
   (ചിത്രയോഗം, രാമചന്ദ്രവിലാസം, ഉമാകേരളം)
4. ജലപ്രഭുവിന്റെ പ്രതീതിയുളവാക്കുന്നതാണ് ഈ വേഷം. ആരുടെ?
   (വിദൂഷകന്റെ, ദാരികന്റെ, കോയിമ്പടാരുടെ)
5. കടലാസിലെ വിവരങ്ങൾ ശ്രദ്ധയോടെ വായിച്ചതാര്?
   (പാറാവുകാരൻ, വെള്ളായിയപ്പൻ, ഗുമസ്തൻ)

**VI.a) ഉത്തരം എഴുതുക.** **16**

1. അമ്മ എന്ന പദത്തിന്റെ മഹത്വം എന്ത്?
2. ശിവൻ കാട്ടാളാകൃതി കൈക്കൊണ്ടതെങ്ങനെ?
3. മരത്തെ ശിവനോട് ഉപമിക്കുന്നതിന്റെ കാരണം വ്യക്തമാക്കുക.

4. പദ്യം പൂരിപ്പിക്കുക:
കാറ്റിന്മകനുടെ ............................ വേഷമെടുക്ക.

**b)** **16**

1. മുടിയേറ്റ് എന്ന കലാരൂപത്തിന്റെ പ്രാധാന്യമെന്ത്?
2. ആഹ്ലാദദീപ്തമായ എന്റെ ബാല്യത്തിനുമേൽ പിതൃമരണ മേല്പിച്ച ആഘാതം കനത്തതായിരുന്നു. ഒ.എൻ.വി. ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണങ്ങളെന്തെല്ലാം?
3. ലക്ഷ്മിക്ക് പപ്പുവിനോട് കൃതജ്ഞത തോന്നി. സന്ദർഭം എഴുതി കാരണം വ്യക്തമാക്കുക.
4. അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി. അത് വെള്ളായിയപ്പനുണ്ടാക്കിയ വികാരങ്ങൾ എന്തെല്ലാം?